## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 183 | 14.06.2019 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി.യും സംസ്ഥാനത്തിന്റെ വരുമാനവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.കെ.സി. മമ്മത് കോയ :<br>ശ്രീ. ജെയിംസ് മാത്യു :<br>ശ്രീ. എൻ. വിജയൻ പിള്ള : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ പ്രധാന തനതുനികുതി സ്രോതസ്സായ ജി.എസ്.ടി., കേന്ദ്രസർക്കാർ വേണ്ടത്ര മുന്നൊരുക്കമോ പഠനമോ കൂടാതെ നടപ്പാക്കിയതുകൊണ്ട് പ്രാബല്യത്തിലായി രണ്ട് വർഷമായിട്ടും സ്ഥിരത കൈവരിക്കാത്തത് സംസ്ഥാന സർക്കാരിന്റെ ധനദൃഢീകരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2017 ജൂലൈ 1 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും ലളിതമായ ജി.എസ്.ടി.ആർ 3B റിട്ടേണുകളാണ് വ്യാപാരികൾ സമർപ്പിക്കുന്നത്. വ്യാപാരത്തെ സംബന്ധിച്ച് വിശദ വിവരങ്ങൾ അടങ്ങുന്ന 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ സമർപ്പിക്കുന്നതിനുള്ള കാലാവധി 30.06.2019 വരെ ദീർഘിപ്പിച്ചിരിക്കുന്നത് കാരണം റിട്ടേണുകൾ സ്കൂട്ടിണിക്ക് വിധേയമാക്കി അനധികൃതമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാനും വ്യാപാരികളുടെ എല്ലാ ക്രയവിക്രയങ്ങളും റിട്ടേണിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് മനസ്സിലാക്കാനും കഴിയുന്നില്ല. ഇത് സംസ്ഥാന ധന ദൃഢീകരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.<br><br>കൂടാതെ മോഡൽ-1 സംസ്ഥാനമായ കേരളത്തിനാവശ്യമായ Backend ഡാറ്റാ തരുന്നതിന് ജി.എസ്.ടി.എൻ. നെറ്റ്‌വർക്ക് കാലവിളംബം ഉണ്ടാക്കുന്നു. ജി.എസ്.ടി. നിയമം അനുശാസിക്കുന്ന പല കാര്യങ്ങളിലും ആവശ്യമായ സോഫ്റ്റ് വെയർ നിർമ്മാണം നടന്നു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | തടസ്സ രഹിതമായ ചരക്കുനീക്കമെന്ന ജി.എസ്.ടി.യുടെ അടിസ്ഥാന കാഴ്ചപ്പാട് ചെക്ക്പോസ്റ്റ് സംവിധാനം അവസാനിപ്പിക്കാൻ ഇടയാക്കിയതിനാൽ ഉപഭോക്തൃ പ്രധാനമായിട്ടും സംസ്ഥാനത്തിന്റെ ഐ.ജി.എസ്.ടി. വിഹിതം പ്രതീക്ഷിത തലത്തിലേക്ക് വർദ്ധിപ്പിക്കാനാകാതെ പോയത് പരിഹരിക്കുന്നതിന് ഇ-വേ ബിൽ ഏർപ്പെടുത്തിയതുകൊണ്ട് സാധ്യമായിട്ടുണ്ടോ; | (ബി) | ഇ-വേ ബിൽ സംവിധാനം നടപ്പിലാക്കിയതു മുതൽ ഇന്റലിജൻസ് വിഭാഗത്തിന്റെ കാര്യക്ഷമമായ പരിശോധന നടന്നുവരുന്നു. ചരക്കുകൾ ലഭ്യമായതിന് ശേഷം ഇ-വേ ബില്ലുകൾ റദ്ദാക്കാനുള്ള സാധ്യത നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കും. ഇത് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗത്തെ അതിർത്തി പ്രദേശങ്ങളിൽ വിന്യസിച്ച് സംസ്ഥാനത്തിനകത്തു വരുന്ന വാഹനങ്ങൾക്ക് ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതിലേയ്ക്കായി 126 സർവൈലൻസ് സ്ക്വാഡുകളെ സംസ്ഥാനത്തിൽ വിന്യസിച്ചിട്ടുണ്ട്. കൂടാതെ പുതിയ സംവിധാനമായ എ.എൻ.പി.ആർ. ക്യാമറ വഴി ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിന് മുന്നോടിയായി വാളയാറിൽ പരീക്ഷണാടിസ്ഥാനത്തിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ച് ഇ-വേ ബിൽ പരിശോധന നടത്തി വരികയാണ്.<br><br>അന്തർ സംസ്ഥാന വാങ്ങലുകൾ വ്യാപാരികൾ കണക്കിൽ ഉൾക്കൊള്ളിച്ചാൽ മാത്രമേ സംസ്ഥാനത്തിന് അർഹമായ ഐ.ജി.എസ്.ടി. വിഹിതം ലഭ്യമാകുകയുള്ളൂ. സംസ്ഥാനത്തിനകത്ത് 24 പ്രധാന അതിർത്തി പ്രദേശങ്ങളിൽ എ.എൻ.പി.ആർ ക്യാമറകൾ സ്ഥാപിക്കുന്നതോടുകൂടി ഇ-വേ ബിൽ പരിശോധന കൂടുതൽ കാര്യക്ഷമമാകുന്നതാണ്. അതുവഴി ഐ.ജി.എസ്.ടി. വരുമാനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | സംസ്ഥാനത്തിന് പുറത്തുനിന്നും പ്രാദേശികമായും ചരക്കുനീക്കം നടത്തുന്നതിന്റെ രേഖകൾ പരിശോധിക്കുന്നതിനോടൊപ്പം | (സി) | സംസ്ഥാനത്തിന് പുറത്തുനിന്ന് വരുന്ന ചരക്കു വാഹനങ്ങളിൽ ഇ-വേ ബിൽ ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് 24 പ്രധാന സ്ഥലങ്ങളിൽ എ.എൻ.പി.ആർ. |

| | | | |
|---|---|---|---|
| | ഭൗതിക പരിശോധന സുസാധ്യമാക്കുന്നതിനായി സ്കാനർ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി നികുതി വെട്ടിപ്പ് തടയാൻ കർശന നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ? | | ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന് പുറമെ ഇന്റലിജൻസ് വിഭാഗം വാഹന പരിശോധന നടത്തുകയും ഇ-വേ ബിൽ ഉണ്ട് എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ജി.എസ്.ടി. സംബന്ധമായ ചരക്കു നീക്കങ്ങളുടെ പരിശോധനയ്ക്ക് സ്കാനർ സംവിധാനം ഉപയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.<br><br>ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ ക്യാമറകൾ (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**